"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് ഭവന പദ്ധതി- കരമന -കളിയിക്കാവിള ദേശീയ പാത വികസനത്തിലുൾപ്പെട്ട പ്രാവച്ചമ്പലം-ബാലരാമപുരം റോഡ് നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട രാജപാത നിവാസികളായ 21 കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(സാധാ) നം.2630/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/11/2019

---

പരാമർശം:- 1 സ.ഉ(കൈ) നം.378/2017/റവ തീയതി 13.11.2017.

2 28.05.2019ലെ പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം നം.VII(2)

3 ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.08.2019ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.09.2019ലെ എൽ.എം 8/2019/ലൈഫ് നമ്പർ കുറിപ്പ്

### ഉത്തരവ്

കരമന- കളിയിക്കാവിള ദേശീയപാത വികസനത്തിലുൾപ്പെട്ട പ്രാവച്ചമ്പലം-ബാലരാമപുരം റോഡ് നിർമ്മാണത്തിനായി ആവശ്യമുള്ള പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട പഴയ രാജപാത പുറമ്പോക്ക് ഭൂമി ഏറ്റെടുത്തപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ട 22 കുടുംബങ്ങൾക്ക് പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 4ൽ റീസർവ്വേ 58/1 ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 3 സെന്റ് ഭൂമി വീതം അനുവദിച്ച് നൽകിയും കൂടാതെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി അവർക്ക് പ്രസ്തുത സ്ഥലത്ത് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് വീട്ടു നിർമ്മിച്ചു നൽകുന്നതിന് കളക്ടറെ ചുമതലപ്പെടുത്തിയും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷിച്ച 21 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്നും ടി കുടുംബങ്ങളിൽ 12 പേർ ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതായും ഇവരെ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിലേക്ക് മാറ്റുന്നതിനും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 9 കുടുംബങ്ങളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടിസ്വീകരിക്കണമെന്ന് പരാമർശം 2പ്രകാരം പള്ളിച്ചൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു. വികസന

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം സാധ്യമാക്കുന്നതിന് പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക ലൈഫ് മിഷന് കൈമാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പരാമർശം 3ലെ യോഗത്തിൽ തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ സഹായം നൽകുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം 4ലെ കുറിപ്പ് പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പരാമർശം 3ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കളിയിക്കാവിള ദേശീയ പാത വികസനത്തിലുൾപ്പെട്ട പ്രാവച്ചമ്പലം-ബാലരാമപുരം റോഡ് നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട രാജപാത നിവാസികളായ 21 കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ചു നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. അവരുടെ പുനരധിവാസത്തിന് ബന്ധപ്പെട്ട പദ്ധതിയിൽ വകയിരുത്തിയുള്ള തുക ബന്ധപ്പെട്ട വകുപ്പ് ലൈഫ് മിഷന് കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ